**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2901 06.11.2019 -ൽ മറുപടിക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ആധുനികവത്കരണം**

| **ചോദ്യം**<br>ശ്രീ.റ്റി.വി.രാജേഷ് | | **ഉത്തരം**<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനികവത്കരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റിസ് ചെയ്യുകയും ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്വെയർ വികസിപ്പിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ലഭ്യമായിരുന്ന സേവനങ്ങൾ പൊതു ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കിയിട്ടുണ്ട്. www.employment.kerala.gov.in എന്ന വെബ് സൈറ്റ് മുഖാന്തിരം രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ്ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്.<br>കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതേവരെ 75 ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. |
| (ബി) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം എത്രയാണ്; | (ബി) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്നവരുടെ ആകെ എണ്ണം 2019 സെപ്റ്റംബർ |

| | | | |
|---|---|---|---|
| | | | 30 ലെ കണക്കുകൾ പ്രകാരം 34,84,044 (മുപ്പത്തി നാല് ലക്ഷത്തി എൺപത്തി നാലായിരത്തി നാൽപത്തി നാല്) ആണെന്ന് കണ്ടെത്തി-യിട്ടുണ്ട്. വകുപ്പ് നടത്തിയ പരിശോധനയിൽ, രജിസ്ട്രേഷനിലെ ഇരട്ടിപ്പ് കണ്ടെത്തി അവ ഒഴിവാക്കിയതു പ്രകാരമുള്ളതാണ ഈ കണക്ക്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി എത്രപേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിയമനം നല്കിയിട്ടുണ്ട്; വിശദമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (5/16 to 9/19) വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ആകെ 39,706 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.<br>Temporary - 31743<br>Full Time Regular - 3439<br>PTR - 4534<br>Total 39706 |

സെക്ഷൻ ഓഫീസർ